## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 277** — **22-07-2021 - ൽ മറുപടിയ്ക്ക്**

## ഊരാലുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഒരു ശതമാനം അധിക പലിശ നൽകി സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കാൻ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് അനുമതി നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സംഘം ക്ലിപ്തം നമ്പർ. 10957, 1925-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സഹകരണ സംഘമാണ്. സർക്കാരിന്റെ ഓഹരി പങ്കാളിത്തതോടെ പ്രവർത്തിക്കുന്ന സംഘത്തിൽ ഇപ്പോൾ15000ത്തിൽ കൂടുതൽ തൊഴിലാളികൾ നിത്യവും നേരിട്ടും അത്ര തന്നെ അല്ലാതെയും ജോലി ചെയ്യുന്നുണ്ട്. തൊഴിലാളികൾക്ക് നിത്യവും തൊഴിൽ കൊടുക്കുന്നതിനായി ഏറ്റെടുത്ത ചെയ്തു തീർക്കാൻ ബാക്കിയുള്ള പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതായിട്ടുണ്ടെന്നും, ഏറ്റെടുത്ത മുഴുവൻ പ്രവർത്തികളും കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ഏറ്റെടുത്തതാണെന്നും, ബിൽ തുക ലഭിക്കുന്നതിനു കാലതാമസം വരുന്നതിനാൽ ഏറ്റെടുത്ത പ്രവൃത്തികൾ കൃത്യ സമയത്ത് പൂർത്തിയാക്കണമെങ്കിൽ ഫണ്ട് ആവശ്യമാണെന്നും എങ്കിൽ മാത്രമേ സർക്കാരിന്റെ പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാക്കി നാടിനു സമർപ്പിക്കുവാൻ കഴിയുകയുള്ളൂവെന്നും, ഇത്തരത്തിലുള്ള എല്ലാ പ്രവർത്തികളും സമയബന്ധിതമായി ഉണനിലവാരത്തോടെ പൂർത്തിയാക്കുക എന്നതാണ് സംഘത്തിന്റെ പ്രവർത്തന വിജയമെന്നും, കൂടാതെ പ്രവൃത്തികൾ കൃത്യസമയത്ത് തന്നെ പൂർത്തിയാക്കിയില്ലെങ്കിൽ ഭീമമായ സംഖ്യ ഫൈൻ അടക്കേണ്ടതായിവരുമെന്നും, സംഘത്തിന്റെ പ്രവർത്തനമൂലധനത്തിൽ പ്രധാനമായും പൊതു ജനങ്ങളിൽ നിന്നും വാങ്ങുന്ന നിക്ഷേപങ്ങളാണെന്നും, ജില്ലാ സഹകരണ ബാങ്കിൽ നിന്നും ക്യാഷ് ക്രഡിറ്റ് വായ്പ സൗകര്യം മാത്രമേയുള്ളൂവെന്നും, ജില്ലാബാങ്കിനെ മാത്രം ആശ്രയിച്ചാൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ പറ്റാത്ത സ്ഥിതിയുണ്ടാകുമെന്നും, പൊതുജനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്ന ഡെപ്പോസിറ്റ് മുഖേനയുള്ള ഫണ്ട് സർക്കാരിൽ നിന്നും ഏറ്റെടുത്ത പ്രവർത്തികളുടെ നിർവ്വഹണത്തിനായാണ് നിക്ഷേപിക്കുന്നതെന്നും, സംഘം സ്വീകരിക്കുന്ന മുഴുവൻ ഡെപ്പോസിറ്റും സർക്കാരിന്റെ ഡെപ്പോസിറ്റ് ഗ്യാരണ്ടിയുള്ള സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും, സംഘം ഒരു നോൺ ക്രഡിറ്റ് സഹകരണ സംഘമായത് കൊണ്ടുതന്നെ ബാങ്ക് നിരക്കിൽ ഡെപ്പോസിറ്റുകൾ സ്വീകരിക്കുമ്പോൾ ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം എന്ന നിലയിൽ ഡെപ്പോസിറ്റുകൾ ലഭിക്കുന്നതിന് സാധ്യത കുറവാണെന്നും അറിയിച്ച സാഹചര്യത്തിലാണ് സംഘത്തിന്റെ അപേക്ഷ പരിഗണിച്ച് ഒരു ശതമാനം അധികനിരക്കിൽ പലിശ നൽകിക്കൊണ്ട് സ്ഥിരനിക്ഷേപം സ്വീകരിക്കുവാൻ അനുമതി നൽകിയത്. |
| (ബി) | ഈ സാമ്പത്തികവർഷവും പ്രസ്തുത അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സ്ഥിരനിക്ഷേപങ്ങൾക്ക് ഊരാലുങ്കൽ സൊസൈറ്റി നൽകുന്ന പലിശ നിരക്ക് എത്രയാണെന്ന് കാലയളവ് ഉൾപ്പെടെ വിശദമാക്കാമോ; | (സി) | ഒരു വർഷത്തിൽ കൂടുതലുള്ള നിക്ഷേപങ്ങൾക്ക് 8.50%പലിശ നിരക്ക് അനുവദിക്കുന്നു. മുതിർന്ന പൗരന്മാർക്ക് 0.50% അധിക പലിശ അനുവദിക്കുന്നുണ്ട്. |
| (ഡി) | 2020-21 കാലയളവിൽ ഊരാലുങ്കൽ സഹകരണ സംഘത്തിലെ സ്ഥിരനിക്ഷേപത്തിൽ എത്ര കോടിയുടെ വർദ്ധനവ് ഉണ്ടായെന്ന് അറിയിക്കുമോ; | (ഡി) | 2020-21 കാലയളവിൽ ഊരാലുങ്കൽ സഹകരണ സംഘത്തിലെ സ്ഥിരനിക്ഷേപത്തിൽ 371.84കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഇ) | 31.3.2021 ൽ ഊരാലുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപം എത്രയാണ്? | (ഇ) | 31.3.2021 ൽ ഊരാലുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപം 1400.04കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ